"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ 18.08.2025 തീയതിയിൽ കൂടിയ ജയിൽ ഉപദേശക സമിതി ശിപാർശ - അന്തേവാസികൾക്ക് സാധാരണ അവധി അനുവദിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1985/2026/HOME തീയതി,തിരുവനന്തപുരം, 10-06-2026

---

പരാമർശം:-

1. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസിന്റെ, 19.11.2025 തീയതിയിലെ KPCS/6041/2025-WP1 നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 4414/2025/ഹോം, തീയതി 19.12.2025
3. ബഹു. ഹൈക്കോടതി മുൻപാകെ ശ്രീമതി ഷമീറ എസ്. ഫയൽ ചെയ്ത W.P.(Crl.) നം. 92/2026 കേസിലെ 09.02.2026 തീയതിയിലെ വിധിന്യായം.

**ഉത്തരവ്**

തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 18.08.2025 തീയതിയിൽ കൂടിയ ജയിൽ ഉപദേശക സമിതി 8 അന്തേവാസികളെ സാധാരണ അവധിക്ക് ശിപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത സമിതി ശിപാർശയുടെ മിനിട്സും ആവശ്യമായ രേഖകളും ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ് പരാമർശം (1) പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. ഈ ശിപാർശയിലുൾപ്പെട്ട സി നം. 4462 ബിനു @ പച്ചണ്ടി ബിനു S/o തങ്കപ്പൻ, സി നം. 4643 സൂരജ് എസ്.കുമാർ S/o സുരേന്ദ്രപ്പണിക്കർ എന്നീ രണ്ട് അന്തേവാസികൾക്ക് ആദ്യതവണയായി 15 ദിവസത്തെ സാധാരണ അവധി അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2. പ്രസ്തുത ശിപാർശയിലുൾപ്പെട്ട, സി.നം. 2930 ഹുസൈൻ അബ്ബാസ് S/o ജാഫർ എന്ന അന്തേവാസിക്ക് അവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ഭാര്യയായ ശ്രീമതി ഷമീറ എസ്. ഫയൽ ചെയ്ത W.P.(Crl) 92/2026 നമ്പർ കേസ് ബഹു. കേരള ഹൈക്കോടതി പരാമർശം (3) വിധിന്യായ പ്രകാരം ചുവടെ പറയുന്ന നിർദ്ദേശങ്ങളോടെ തീർപ്പാക്കുകയുണ്ടായി:

"*....17. Therefore, respondent No.1 is directed to expeditiously consider the recommendation seeking ordinary leave to the petitioner's husband and pass orders thereon based on the decision of the Jail Advisory Committee dated 18.08.2025, at any rate, within two weeks from the date of production of a certified copy of this judgment.*
*The Writ Petition (Criminal) is disposed of as above.*"

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻവൈരാഗ്യത്തിൽ ഒരാളെ കൂട്ടംചേർന്ന് കൊലപ്പെടുത്തിയ കുറ്റത്തിന് ബഹു. തിരുവനന്തപുരം അഡീഷണൽ ജില്ലാ സെഷൻസ്

കോടതി SC 1530/2012 നമ്പർ കേസിൽ കുറ്റക്കാരനെന്നു കണ്ടെത്തിയ സി.നം. 2930 ഹുസൈൻ അബ്ബാസ് S/o ജാഫർ-നെ IPC സെക്ഷൻ 302 r/w 34 പ്രകാരം ജീവപര്യന്തം കഠിനതടവിനും 2,00,000/- രൂപ പിഴയ്ക്കും പിഴ ഒടുക്കിയില്ലെങ്കിൽ 1 വർഷം കഠിന തടവിനും, കൂടാതെ IPC സെക്ഷൻ 120 B പ്രകാരം ജീവപര്യന്തം കഠിനതടവും, IPC സെക്ഷൻ 341 r/w 34 പ്രകാരം 01 മാസം തടവും, IPC സെക്ഷൻ 324 r/w 34 പ്രകാരം 02 വർഷം കഠിന തടവും വിധിച്ചിട്ടുള്ളതാണ്. ബഹു. കേരള ഹൈക്കോടതി IPC സെക്ഷൻ 120 B വകുപ്പ് പ്രകാരമുള്ള ശിക്ഷ ഒഴിവാക്കുകയും മറ്റു വകുപ്പുകൾ പ്രകാരമുള്ള ശിക്ഷ ശരിവെയ്ക്കുകയും ചെയ്തിട്ടുണ്ട്. 30.06.2025 തീയതി അടിസ്ഥാനത്തിൽ 06 വർഷവും 02 മാസവും 22 ദിവസവും ഇയാൾ യഥാർത്ഥ ശിക്ഷ പൂർത്തിയാക്കിയിട്ടുണ്ട്. ജയിലിൽ കഴിയവെ ലഹരി വസ്തുക്കൾക്കായി പരസ്പരം അടികൂടുകയും ജയിലിൽ നിരോധിത വസ്തുക്കൾ ഒളിപ്പിച്ച് കടത്താൻ ശ്രമിക്കുകയും ചെയ്തതുൾപ്പെടെ അതീവ ഗുരുതരമായ ജയിൽ അച്ചടക്കലംഘനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ ആർജിത റെമിഷനിൽ നിന്നും 15 ദിവസത്തെ റെമിഷൻ കുറച്ചുകൊണ്ട് ജയിൽസൂപ്രണ്ട് ഉത്തരവായിട്ടുള്ളതാണ്. 29.06.2023 തീയതിയിലെ ജയിൽ ഉപദേശക സമിതി ഇയാളെ സാധാരണ അവധിക്ക് ശിപാർശ ചെയ്തിരുന്നതും സർക്കാർ അവധി അനുവദിച്ചിരുന്നതുമാണ്. എന്നാൽ, പ്രസ്തുത ശിപാർശ സർക്കാരിന്റെ പരിഗണനയിലായിരുന്ന കാലയളവിൽ ജയിലിനുള്ളിൽ മൊബൈൽ ഫോൺ ഉപയോഗിച്ചതിന് ടിയാനെതിരെ IPC സെക്ഷൻ 116 r/w 34, 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗീകരണ സേവനങ്ങളും (നിർവഹണം) ആക്ടിലെ വകുപ്പ് 86(1)(2) എന്നിവ പ്രകാരം ക്രൈം.നം. 1276/2023 ആയി പൂജപ്പുര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തതിൻ പ്രകാരം സർക്കാർ പ്രസ്തുത അവധി റദ്ദ് ചെയ്യുകയും തുടർന്നുള്ള ജയിൽ ഉപദേശക സമിതിയിൽ ടിയാന്റെ കേസ് ഉൾപ്പെടുത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിട്ടുള്ളതുമാണ്. തുടർന്ന്, 18.02.2025, 18.08.2025 എന്നീ തീയതികളിലെ തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ ജയിൽ ഉപദേശക സമിതി സി.നം. 2930 ഹുസൈൻ അബ്ബാസ് S/o ജാഫർ-നെ സാധാരണ അവധിക്ക് ശിപാർശ ചെയ്തിരുന്നു. ടിയാന്റെ മേൽപ്പറഞ്ഞ പ്രകാരമുള്ള പ്രവൃത്തികൾ കാരണം 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397 (എൽ)(iii) പ്രകാരം, അവധിയിൽ വിട്ടുതൽ ചെയ്യാൻ അർഹതയില്ലാത്ത നിർദ്ദിഷ്ട തടവുകാരുടെ വിഭാഗത്തിൽ വരുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് സി.നം. 2930 ഹുസൈൻ അബ്ബാസ് S/o ജാഫറിന് സാധാരണ അവധിക്കുള്ള ശിപാർശ നിരസിച്ച് കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നത്. 18.08.2025 തീയതിയിലെ ജയിൽ ഉപദേശക സമിതി ഇയാളെ സാധാരണ അവധിക്ക് ശിപാർശ ചെയ്തിട്ടുള്ളതാണെങ്കിലും ജയിലിനുള്ളിലെ ടിയാന്റെ പെരുമാറ്റവും സ്വഭാവവും തൃപ്തികരമല്ലാത്തതിനാൽ സാധാരണ അവധിയ്ക്ക് ശിപാർശ ചെയ്യുന്നില്ല എന്നാണ് ജയിൽ സൂപ്രണ്ട് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

4. മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ 18.08.2025 തീയതിയിൽ കൂടിയ ജയിൽ ഉപദേശക സമിതി സാധാരണ അവധിക്ക് ശിപാർശ ചെയ്ത അന്തേവാസികളിൽ ഉൾപ്പെട്ട സി.നം. 2930 ഹുസൈൻ അബ്ബാസ് S/o ജാഫറിന്റെ ശിപാർശ മുൻ ഖണ്ഡികയിൽ പറഞ്ഞ കാരണങ്ങളാലും, 2014 ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 397 (എൽ)(iii) പ്രകാരം അവധിയിൽ വിട്ടുതൽ ചെയ്യാൻ അർഹതയില്ലാത്ത നിർദ്ദിഷ്ട

തടവുകാരുടെ വിഭാഗത്തിൽ വരുന്നതാകയാൽ നിരസിച്ചും, പ്രസ്തുത ശിപാർശയിലുൾപ്പെട്ട താഴെപ്പറയുന്ന അന്തേവാസികൾക്ക്, 2014-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാൻമാർഗീകരണ സേവനങ്ങളും (നിർവ്വഹണം) ചട്ടങ്ങളിലെ ചട്ടം 469 പ്രകാരം ആദ്യതവണയായി 15 ദിവസത്തെ സാധാരണ അവധി അനുവദിച്ചും ഉത്തരവാകുന്നു:

i) സി.നം.3433, നൗഷർ @ കൊച്ചുമണി S/o ഇസ്മയിൽകുഞ്ഞ്,
ii) സി.നം.3483, വിഷ്ണു S/o സുദേവൻ,
iii) സി.നം.4104, നിനോമാത്യു S/o മാത്യു
iv) സി.നം.4121, സന്തോഷ് കുമാർ S/o ഗോപാലകൃഷ്ണ പിള്ള,
v) സി.നം.6131, സനൂപ് @ സനു S/o ഹംസ

5. അവധി കാലയളവിൽ മേൽപ്പറഞ്ഞ അന്തേവാസികളെ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന പോലീസ് മേധാവി സ്വീകരിക്കേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ട് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവീസസിന് യഥാസമയം സമർപ്പിക്കേണ്ടതുമാണ്.

6. ശ്രീമതി ഷമീറ എസ്. ഫയൽ ചെയ്ത W.P.(Crl.) നം. 92/2026 കേസിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 09.02.2026 തീയതിയിലെ വിധിന്യായം മേൽപ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിശ്വനാഥ് സിൻഹ**
**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് മുഖേന)
സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവീസസ്, തിരുവനന്തപുരം
ശ്രീമതി ഷെമീറ എസ്., 1 C 36/123, പള്ളം ഹൗസ്, വള്ളക്കടവ് പി.ഒ., തിരുവനന്തപുരം - 695 008
സൂപ്രണ്ട്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, തിരുവനന്തപുരം.
നിയമവകുപ്പ് (27.02.2026 തീയതിയിലെ OPN-E1/90/2026-LAW നമ്പർ പ്രകാരം അറിവിലേക്കായി)
വെബ് & ന്യൂ മീഡിയ വിഭാഗം, ഐ& പി.ആർ.ഡി.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Amina B
സെക്ഷൻ ഓഫീസർ
Date: 10-06-2026 13:43:13